# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.11401/19/EST-A/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
12/09/2024

## സർക്കുലർ

വിഷയം:- ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസിനു വേണ്ടി ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 02/09/2024-ലെ ROC.3429/24/Est-4 നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി "SIBRO Link" ഉപയോഗിച്ച് ജീവനക്കാരുടെ ഡാറ്റ ശേഖരിക്കുവാൻ ഉത്തരവായിട്ടുള്ളതാണ്.

ആകയാൽ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് SIBRO Link വഴി കാരാണ്മ ജീവനക്കാർ ഒഴികെയുള്ള എല്ലാ സ്ഥിര ദേവസ്വം / മരാമത്ത് വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ അതാത് ജീവനക്കാരെക്കൊണ്ട് തന്നെ എൻറോൾ ചെയ്യിപ്പിക്കുന്നതിന് ആഫീസ് മേധാവികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1. ജീവനക്കാർ അവരുടെ ഫോൺ നമ്പർ ഉപയോഗിച്ച് ടി പോർട്ടലിൽ ലോഗിൻ ചെയ്യുക, ശേഷം ഈ നമ്പറിലേയ്ക്ക് ലഭിക്കുന്ന OTP ഉപയോഗിച്ച് രജിസ്ട്രേഷൻ പ്രൊഫൈലിൽ കയറുക.
2. ഈ പ്രൊഫൈലിൽ ജീവനക്കാരുടേയും ആശ്രിതരുടേയും വിവരങ്ങൾ എൻറോൾ ചെയ്യുന്ന അവസരത്തിൽ അവരവരുടെ ഐ.ഡി പ്രൂഫ് പ്രകാരമുള്ള വിവരങ്ങൾ (ജനന തീയതി, പേര് എന്നിവ) നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3. പ്രൊഫൈലിൽ ചേർക്കുന്ന ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ നിലനിർത്തുക. ഇൻഷ്വറൻസുമായി ബന്ധപ്പെട്ട സന്ദേശങ്ങളും മറ്റ് നിർദ്ദേശങ്ങളും എല്ലാം ഇതിലേക്കായിരിക്കും ലഭിക്കുന്നത്.
4. വിവരങ്ങൾ എല്ലാം ശരിയാണോ എന്ന് പരിശോധിച്ചതിന് ശേഷം മാത്രം CONFIRM ബട്ടൺ അമർത്തുകയും അതിനു ശേഷം ബന്ധപ്പെട്ട വിവരങ്ങൾ ഇ-മെയിൽ ആയി ലഭിച്ചോ എന്ന് കൂടി പരിശോധിക്കേണ്ടതാണ്.

മേൽ നടപടികൾ **25/09/2024-നകം** പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. കാലതാമസം അനുവദനീയമല്ല.

❖ ലിങ്ക് ചുവടെ ചേർക്കുന്നു

**tdb.securus.in/#/**

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR 12/09